# INTERNATIONAL INDIAN PUBLIC SCHOOL - RIYADH

## I TERM (2017-2018)

**Subject: Malayalam** **Grade: VI**

## Holiday homework

### ശിശുദിനം

വർഷംതോറും നവംബർ 14 ശിശുദിനമായി ആഘോഷിക്കുന്നു. ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമാണത്. കുട്ടികളദ്ദേഹത്തെ ചാച്ചാജി എന്ന ഓമനപ്പേരിലാണ് വിളിച്ചിരുന്നത്. അദ്ദേഹത്തിന് കുട്ടികളേയും വളരെ ഇഷ്ടമായിരുന്നു.

ശിശുദിനത്തോടനുബന്ധിച്ച് വിവിധ പരിപാടികൾ നടത്താറുണ്ട്. കുട്ടികളുടെ റാലികൾ, ചർച്ചകൾ, സെമിനാറുകൾ എന്നിവയെല്ലാം അതിൽ പെടുന്നു. കുട്ടികളെ സ്നേഹിക്കുവാനും ലാളിക്കുവാനും വേണ്ടിയാണ് ശിശുദിനമെന്ന പേരിൽ ഈ ആഘോഷങ്ങളൊക്കെ നടത്തുന്നത്.

വെറും ഒരു ചടങ്ങ് എന്ന രീതിയിലാണ് ഇത് ഇന്നും നടത്തപ്പെടുന്നത്. ശിശുസംരക്ഷണം, പോഷകാഹാരം, പ്രാഥമികവിദ്യാഭ്യാസം എന്നിവയെല്ലാം കുട്ടികൾക്കു നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും പലർക്കും അതിന്റെ പ്രയോജനം ലഭിക്കുന്നില്ല. കുട്ടികളെക്കൊണ്ട് ഭിക്ഷാടനം ചെയ്യിക്കുന്നവരും കുട്ടികളെ തട്ടിക്കൊണ്ടു പോകുന്നവരും നമ്മുടെ സമൂഹത്തിലുണ്ട്. ഇതിനെല്ലാമെതിരെ ജനമന:സാക്ഷിയെ ഉണർത്തുവാൻ ശിശുദിനാഘോഷം കൊണ്ടു കഴിയണം.

I. മുകളിൽ കൊടുത്തിരിക്കുന്ന ഉപന്യാസം നോട്ടുബുക്കിൽ പകർത്തി എഴുതുക.

II. പ്രശസ്തരായ അഞ്ചു മലയാളകവികളുടെ ചിത്രങ്ങൾ ശേഖരിച്ച് ബുക്കിൽ ഒട്ടിച്ച് അവരുടെ പേരും കൃതികളുടെ പേരും എഴുതുക